**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഐ.ടി.ഐ കെട്ടിട വാടക തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.124/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **18/01/2021**

---

പരാമർശം:- സ.ഉ.(സാധാ) നം.3467/2012/തസ്വഭവ, തീയതി: 14/12/2012

2. സ.ഉ.(സാധാ) നം.2184/2017/തസ്വഭവ, തീയതി: 29/06/2017

3.പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ

4.പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 09/12/2020 ലെ ശുപാർശ

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഐ.ടി.ഐ കെട്ടിട വാടക അഞ്ചു വർഷത്തേക്കോ സ്വന്തമായി കെട്ടിടമുണ്ടാവുന്നതുവരെയോ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകിയിരുന്നു.പരാമർശം (2) ഉത്തരവ് പ്രകാരം ആയത് രണ്ട് വർഷത്തേക്ക് ദീർഘിപ്പിച്ചിരുന്നു.

2.ഐ.ടി.ഐ കെട്ടിട വാടക തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള ഉത്തരവ് 2020 ഓഗസ്റ്റ് 31 ദീർഘിപ്പിച്ചു നൽകുന്നതിനും 2020 സെപ്റ്റംബർ മാസം മുതലുള്ള വാടക വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും അനുവദിക്കുന്നതിനുമുള്ള ഉത്തരവുണ്ടാകണമെന്നും പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഐ.ടി.ഐ കെട്ടിട വാടക തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള ഉത്തരവ് 2020 ഓഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2021.01.18 13:03:28 IST
Reason: Approved